/283772/2023

"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരളസംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവിൽ: അനീഷ്.എ.ബി)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം- ശ്രീ.മണി.കെ.എസ്, പാർട്ട് ടൈം സ്വീപ്പർ, ആർ.ഐ.സെന്റർ കളമശ്ശേരി യ്ക്ക് ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ ഉദ്യോഗകയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1.ട്രെയിനിംഗ് ഓഫീസർ, ആർ.ഐ.സി കളമശ്ശേരിയുടെ 15.12.2022 തീയതിയിലെ RIC-KLSY/113/2022-K2 നമ്പർ കത്ത്.

2.31.01.2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

2.കളമശ്ശേരി ഐ.ടി.ഐ.പ്രിൻസിപ്പാളിന്റെ 31.01.2023 തീയതിയിലെ ITI-KLSY/136/2021-B2 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ: DT/3280/2022-A9 തീയതി: 23-02-2023**

കളമശ്ശേരി ആർ.ഐ.സെന്ററിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീ.മണി.കെ.എസ് , ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ ഉദ്യോഗകയറ്റം ലഭിക്കുന്നതിനായി പരാമർശം(1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും, എറണാകുളം ജില്ലയിൽ ടി തസ്തികയിൽ ഒഴിവ് ഇല്ലാത്തതിനാൽ ടിയാളുടെ അപേക്ഷ പരിഗണിച്ചിരുന്നില്ല. എന്നാൽ, കളമശ്ശേരി ഐ.ടി.ഐ യിൽ നിന്നും ജില്ലാ കളക്ടേറ്റിൽ റിപ്പോർട്ട് ചെയ്യതിരുന്ന 3 ഫുൾ ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവുകൾ ഇപ്പോൾ നികത്താൻ നിർവാഹമില്ലായെന്ന ജില്ലാ കളക്ടേറ്റിൽ നിന്ന് അറിയിച്ചതായി പരാമർശം(3) പ്രകാരം കളമശ്ശേരി ഐ.ടി.ഐ പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം(1) അപേക്ഷ പരിഗണിച്ചും, പരാമർശം(3) കത്തിന്റെ അടിസ്ഥാനത്തിലും ശ്രീ.മണി.കെ.എസ്, പാർട്ട് ടൈം സ്വീപ്പർ, ആർ.ഐ.സെന്റർ കളമശ്ശേരി യ്ക്ക് ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾ 5 പ്രകാരം , 23000-50200 ശമ്പള നിരക്കിൽ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ ഉദ്യോഗകയറ്റം അനുവദിച്ച് കളമശ്ശേരി ഐ.ടി.ഐ യിൽ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ ഒരു ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

മേൽ പ്രകാരം സ്ഥാനകയറ്റം അനുവദിച്ച ജീവനക്കാരന് ചട്ട പ്രകാരമുള്ള ജോയിനിംഗ് ടൈം, ടി.എ എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ടിയാനെ വിടുതൽ ചെയ്യതും,

സേവനത്തിൽ പ്രവേശിപ്പിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. ശ്രീ.മണി.കെ.എസ് നെ വിടുതൽ ചെയ്യുന്നത് മുഖേനെ കളമശ്ശേരി ആർ.ഐ.സെൻററിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിലവിൽ വരുന്ന ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ നികത്തേണ്ടതാണ്.

(ഒപ്പ്)

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

<u>സ്വീകർത്താവ്:-</u>

ബന്ധപ്പെട്ട ജീവനക്കാരൻ

(സ്ഥാപനമേധാവി മുഖേനെ)

<u>പകർപ്പ്:-</u>

1.ബന്ധപ്പെട്ട സ്ഥാപനമേധാവികൾ

2.വകുപ്പ് വെബ്സൈറ്റ്

3.കരുതൽ ഫയൽ (എ9)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്